പ്രസ്സ് റിലീസ് PRESS RELEASE

ഭാരതീയ റിസർവ് ബാങ്ക്

RESERVE BANK OF INDIA

വെബ്സൈറ്റ് : www.rbi.org.in/hindi

Website : www.rbi.org.in

ഇ-മെയിൽ : helpdoc@rbi.org.in

ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ, സെൻട്രൽ ഓഫീസ്, എസ്.ബി.എസ്. മാർഗ്, മുംബൈ - 400 001

**DEPARTMENT OF COMMUNICATION**, Central Office, S.B.S. Marg, Mumbai - 400 001

Phone : 91 22 2266 0502 Fax : 91 22 22660358

നവംബർ 27, 2018

**ദി കുപ്പം കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് ലിമിറ്റഡ്, കുപ്പം, ആന്ധ്രപ്രദേശ് - പിഴ ചുമത്തി**

ബാങ്കിങ് റെഗുലേഷൻ ആക്ട്, 1949 ലെ സെക്ഷൻ 46(4)നോടൊപ്പം ചേർത്ത് വായിക്കേണ്ട സെക്ഷൻ 47എ(1)(സി)യിലെ വ്യവസ്ഥകൾ (കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ബാധകമായവ) പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ പ്രയോഗിച്ചു കൊണ്ട് ഭാരതീയ റിസർവ് ബാങ്ക്, ദി കുപ്പം കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് ലിമിറ്റഡ്, കുപ്പം, ആന്ധ്രപ്രദേശ് ന് 5,00,000 രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) യുടെ ഒരു ധനപരമായ പിഴചുമത്തിയിരിക്കുന്നു. ബാങ്കിങ് റെഗുലേഷൻ ആക്ട്, 1949 ലെ സെക്ഷൻ 35എ (കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ബാധകമായവ) പ്രകാരം ഭാരതീയ റിസർവ് ബാങ്ക് നൽകിയ ആജ്ഞാപനങ്ങൾ ലംഘിച്ചതിനും മേൽപ്പറഞ്ഞ ആക്ടിലെ സെക്ഷൻ 27(2) പ്രകാരമുള്ള റിട്ടേണുകൾ സമർപ്പിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തിയതിനും കംപ്ലയൻസ് റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ/മാർഗ നിർദ്ദേശ രേഖകൾ ലംഘിച്ചതിനുമാണ് പിഴ.

ബാങ്കിന് ഭാരതീയ റിസർവ് ബാങ്ക് ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകുകയും അതിന് പ്രതികരണമായി ബാങ്ക് മറുപടി സമർപ്പിക്കാതിരിക്കുകയും ചെയ്തിരിക്കുന്നു. കാര്യത്തിലെ വസ്തുതകൾ, പരിഗണിച്ച ശേഷം, ലംഘനങ്ങൾ സ്ഥിരീകരിക്കപ്പെട്ടുവെന്നും പിഴചുമത്തൽ ന്യായീകരിക്കാവുന്നതുമാണെന്ന തീരുമാനത്തിൽ റിസർവ് ബാങ്ക് എത്തിച്ചേരുകയാണുണ്ടായത്.

**അജിത് പ്രസാദ്**

അസിസ്റ്റന്റ് അഡ്വൈസർ

**പ്രസ്സ് റിലീസ്: 2018-2019/1211**